പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 950

09.08.2017 -ലെ മറുപടിയ്ക്ക്

## അഭ്യസ്തവിദ്യരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അവരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കായി സ്വയം തൊഴിൽ പദ്ധതിയായ കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ് രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) എന്ന പദ്ധതി, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി, ശരണ്യ പദ്ധതി, ഭിന്ന ശേഷിക്കാർക്കുള്ള കൈവല്യ പദ്ധതി എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവസരം ഒരുക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടപ്പാക്കി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന തൊഴിൽ മേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. |
| സി) മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഉണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർഷം തിരിച്ച് ചുവടെചേർക്കുന്നു.<br>2016 മാർച്ച് വരെ- 3615076<br>04.08.2017 വരെ - 3864156 |

Sreekala

സെക്ഷൻ ഓഫീസർ